**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1582** **07-02-2023 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ വർക്കിംഗ് വിമൻസ് ഹോസ്റ്റലിന് അനുവദിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | 2022-23 സംസ്ഥാന ബജറ്റിൽ മട്ടന്നൂർ വർക്കിംഗ് വിമൻസ് ഹോസ്റ്റലിന് തുക അനുവദിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | 2022-23 സാമ്പത്തിക വർഷം മട്ടന്നൂർ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതിക്കായി 10/06/2022 ലെ സ.ഉ(സാധാ) നം.57/2022/ഭവനം നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട് (സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു). |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതിയുടെ 60 ശതമാനം തുക കേന്ദ്രവിഹിതമാണ്. കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

സ.ഉ.(സാധാ) നം.57/2022/HSG

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ഭവന നിർമ്മാണ വകുപ്പ് - ബജറ്റ് - 2022-2023 - കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതിക്ക് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഭവന നിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.57/2022/HSG തിരുവനന്തപുരം, തീയതി 10-06-2022

| | | |
|---|---|---|
| പരാമർശം:- | 1) | സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 25/04/2022-ലെ KSHB-HO/276/2022-P3 നമ്പർ കത്ത്. |
| | 2) | റവന്യൂ-ഭവന നിർമ്മാണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേംബറിൽ 01.06.2022 തീയതിയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം. |

**ഉത്തരവ്**

2022-2023 സാമ്പത്തിക വർഷം സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ വനിതകൾക്കായുള്ള ഹോസ്റ്റൽ കെട്ടിടം നിർ മ്മിക്കുന്നതിന് 4216-80-201-98 ശീർ ഷകത്തിൽ 60% കേന്ദ്രവിഹിതം ഉൾപ്പെടെ 5,63,00,000/- രൂപ (അഞ്ച് കോടി അറുപത്തി മൂന്ന് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്.

2 ) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് കണ്ണൂർ ജില്ലയിലെ മട്ടന്നൂർ കോളാരി വില്ലേജിൽ 80/01 B, 81/01 എന്നീ സർവേ നമ്പറുകളിൽ ഉൾപ്പെട്ട മൂന്ന് ഏക്കർ സർക്കാർ ഭൂമിയിലെ 2023.56 ച.മീ സ്ഥലത്ത് 3 നിലകളിലായി 2142.81 ച.മീ വിസ്തീർണ്ണത്തിൽ 115 കിടക്കകളുള്ള ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രപ്പോസൽ ലഭ്യമാക്കുകയും, പദ്ധതിക്ക് ഭരണാനുമതി നല്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. പ്രസ്തുത പദ്ധതിയുടെ ഭൂമി വില ഒഴികെയുള്ള ആകെ പദ്ധതി ചെലവായ 937.13 ലക്ഷം രൂപയിൽ 225.00 ലക്ഷം രൂപ സംസ്ഥാന വിഹിതവും, 338.00 ലക്ഷം രൂപ കേന്ദ്ര സർക്കാർ വിഹിതവുമാണ്. പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരം പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ ബാക്കി തുകയിൽ 282.00 ലക്ഷം രൂപ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും, 92.17 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേനയും കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്.

3 ) സംസ്ഥാന ഭവന നിർമ്മാണ ബോഡിന്റെ 2022-2023 വർഷത്തെ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പ്രൊപ്പോസൽ 01.06.2022-ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി ചർച്ച ചെയ്യുകയും, സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ സർക്കാർ ഭൂമിയിൽ 3 നിലകളിലായി 2142.81 ച.മീ. വിസ്തീർണ്ണത്തിൽ 115 കിടക്കകളുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് ചുവടെ

സ.ഉ.(സാധാ) നം.57/2022/HSG

ചേർക്കുന്ന എസ്റ്റിമേറ്റായ 937.13 ലക്ഷം രൂപയിൽ നിജപ്പെടുത്തി ഭരണാനുമതി നല്കുന്നതിന് അംഗീകാരം നൽകുകയും ചെയ്തു.

| | ഇനം | തുക |
|---|---|---|
| 1 | ഭൂവികസന ചെലവുകൾ | Rs.69,12,443.00 |
| 2 | സർവ്വീസുകൾക്ക് വേണ്ടി വരുന്ന ചെലവുകൾ | Rs.7,50,000.00 |
| 3 | കെട്ടിട നിർമ്മാണ ചെലവുകൾ | Rs.5,78,54,544.00 |
| 4 | **ആകെ** | **Rs.6,55,16,987.00** |
| 5 | പണികൾക്ക് 18% നിരക്കിൽ ജി.എസ്.ടി. | Rs.1,17,93,058.00 |
| 6 | **ആകെ കെട്ടിട നിർമ്മാണ ചെലവ്**<br><br>**(ജി.എസ്.ടി. ഉൾപ്പെടെ)** | **Rs.7,73,10,045.00** |
| 7 | ഫർണിച്ചർ, പാത്രങ്ങൾ തുടങ്ങിയവ വാങ്ങുന്നതിനായി | Rs.50,00,000.00 |
| 8 | 12.5% നിരക്കിൽ ഭരണച്ചെലവും മേൽനോട്ടക്കൂലിയും | Rs.96,63,755.00 |
| 9 | ഭരണച്ചെലവിന്റെയും മേൽനോട്ടക്കൂലിയുടെയും<br><br>18% ജി.എസ്.ടി. | Rs. 17,39,476.00 |
| | **ആകെ പദ്ധതി തുക (ഭൂമി വില ഒഴികെ)** | **Rs. 9,37,13,276.00** |

4 ) ഈ സാഹചര്യത്തിൽ, സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് 2022-2023 സാമ്പത്തിക വർഷം വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിലെ മട്ടന്നൂർ കോളാരി വില്ലേജിൽ 80/01 B, 81/01 എന്നീ സർവേ നമ്പറുകളിൽ ഉൾപ്പെട്ട മൂന്ന് ഏക്കർ സർക്കാർ ഭൂമിയിലെ 2023.56 ച.മീ സ്ഥലത്ത് 3 നിലകളിലായി 2142.81 ച.മീ വിസ്തീർണ്ണത്തിൽ 115 കിടക്കകളുള്ള ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി 9,37,13,276/- രൂപയിൽ (ഒമ്പത് കോടി മുപ്പത്തിയേഴ് ലക്ഷത്തി പതിമൂവായിരത്തി ഇരുനൂറ്റി എഴുപത്തിയാറ് രൂപ മാത്രം) നിജപ്പെടുത്തി ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ പദ്ധതിക്ക് 2022-2023 സാമ്പത്തിക വർഷം സംസ്ഥാന വിഹിതമായി അനുവദിക്കുവാനുള്ള 2.25 കോടി രൂപ (രണ്ട് കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ) നടപ്പ് വർഷത്തെ 4216-80-201-98 എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്തുന്നതാണ്.

സ.ഉ.(സാധാ) നം.57/2022/HSG

1. The work should be commenced only after ensuring the availability of 60% Central Share.
2. Fund release to this project will be made after getting formal approval from Government of India for this project.
3. Kerala State Housing Board shall be the implementing agency and the monitoring mechanism of KSHB shall be utilized.
4. Price Software should be used, wherever required, for construction, renovation & modernization.
5. Duration of the project will be one year.
6. All the works shall be undertaken in a transparent manner in compliance of the codal provisions and standing orders in this regard.
7. The expenditure shall be limited within the current years budget and the amount would be met from the provision available under the appropriate head of account.
8. The fund release will be based on actual requirement and the fund released should not be parked in banks.
9. Store Purchase Rules shall be strictly adhered to.
10. Tender/re-tender and other stipulated formalities shall be followed wherever necessary.
11. For Civil works, CPWD rates shall be followed.
12. Post creation and purchase of vehicles are not admissible under the scheme.
13. All the rules and guidelines issued in this regard by Government from time to time should be scrupulously followed.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

To

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
ധനകാര്യ (പി.യു.സി) വകുപ്പ്
ആസൂത്രണ - സാമ്പത്തികകാര്യ (സി.പി.എം.യു) വകുപ്പ്.

സ.ഉ.(സാധാ) നം.57/2022/HSG

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ